(ഇ) നിലവിലുള്ള സാഹചര്യത്തിൽ മേൽ കരാറുകാരനെക്കൊണ്ട് ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ പുനർ ദർഘാസ് വിളിക്കുകയും മറ്റൊരു കരാറുകാരൻ മുഖാന്തിരം ടി പ്രവൃത്തി തുടർന്ന് നടത്തേണ്ടിയും വന്നേക്കാം. അങ്ങനെയാണെങ്കിൽ ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ ഇനിയും ഒന്നര വർഷം കൂടിയെങ്കിലും വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

തൃശ്ശൂർ മണ്ഡലത്തിലെ സമഗ്ര കുടിവെള്ള പദ്ധതി

203 (2758) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മണ്ഡലത്തിലെ തൃശ്ശൂർ 1,2 വില്ലേജുകളിലെ സമഗ്ര കുടിവെള്ള പദ്ധതി എസ്.എൽ.എസ്.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ; എത്ര രൂപയുടേതാണ് എസ്റ്റിമേറ്റ് ; പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ കാവശ്ശേരി പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(സി) കിഴക്കഞ്ചേരി, വടക്കഞ്ചേരി, വണ്ടാഴി സമഗ്ര കുടിവെള്ള പദ്ധതി, എസ്.എൽ.എസ്.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ; എത്ര രൂപയുടേതാണ് എസ്റ്റിമേറ്റ് ; പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയിൽ കണ്ണമ്പ്ര പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) പ്രസ്തുത പദ്ധതിക്ക് മംഗലം ഡാം സ്രോതസ്സായി ഉപയോഗിക്കുന്നതിൽ ഇറിഗേഷൻ വകുപ്പ് എന്തെങ്കിലും തടസ്സങ്ങൾ ഉന്നയിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ 26-6-2014-ലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികളാണ് ഉണ്ടായിട്ടുള്ളത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) എസ്.എൽ.എസ്.എസ്.സി. അംഗീകരിച്ചിട്ടില്ല.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) കിഴക്കഞ്ചേരി, വടക്കഞ്ചേരി, വണ്ടാഴി സമഗ്ര കുടിവെള്ള പദ്ധതിയുടെ 20 കോടി രൂപ അടങ്കൽ തുകയുള്ള ഒന്നാം ഘട്ടത്തിന് എസ്.എൽ.എസ്.എസ്.സി. അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ട സർവ്വേ നടപടികൾ പൂർത്തീകരിക്കുകയും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരികയും ചെയ്യുന്നു.

(ഡി) ഇതിന്റെ വിശദമായ പദ്ധതി തയ്യാറാക്കുമ്പോൾ കണ്ണമ്പ്ര പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തുന്നത് പരിഗണിക്കുവാൻ 26-6-2014-ലെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഉന്നയിച്ചിരുന്നു. കണ്ണമ്പ്ര പഞ്ചായത്തിനെക്കൂടി ഉൾപ്പെടുത്തുന്ന വിധത്തിൽ ആദ്യഘട്ട സർവ്വേകൾ പൂർത്തീകരിച്ച് വിശദമായ റിപ്പോർട്ട് വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. ജല ശുദ്ധീകരണ ശാലയ്ക്കായി കണ്ടെത്തിയിട്ടുള്ള സ്ഥലത്ത് സർവ്വേ പൂർത്തിയാക്കി മണ്ണ് പരിശോധന നടത്തിവരികയാണ്.

റാന്നി നിയോജക മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ നിർമ്മാണം

204 (2759) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഇപ്പോൾ എത്ര കുടിവെള്ള പദ്ധതികളുടെ നിർമ്മാണം ആണ് നടന്നുവരുന്നത് ; അവ ഏതൊക്കെ എന്നും ഓരോ പദ്ധതിക്കും അനുവദിച്ചിരിക്കുന്ന തുകയും വ്യക്തമാക്കാമോ ;

(ബി) ഇവയുടെ ഓരോന്നിന്റെയും നിർമ്മാണം എന്നാണാരംഭിച്ചത് ; എന്തൊക്കെ നിർമ്മാണങ്ങളാണ് ഈ ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; ആദ്യഘട്ട നിർമ്മാണം എന്നത്തേക്കാണ് പൂർത്തീകരിക്കേണ്ടത് ; ഓരോന്നിന്റെയും നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ ; സമയബന്ധിതമായി നിർമ്മാണം പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly